**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4168** **28-10-2021 - ൽ മറുപടിയ്ക്ക്**

**എകരൂൽ കക്കയം ഡാം സൈറ്റ് റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ എകരൂൽ കക്കയം ഡാം സൈറ്റ് റോഡ് ആധുനിക രീതിയിൽ നവീകരിക്കുന്നതിനായി കിഫ്ബിയിൽ ഉൾപ്പെടുത്തണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിവേദനത്തിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ? | (എ) | ഉണ്ട്. കക്കയം ഡാം സൈറ്റ് റോഡ് നവീകരണം സംബന്ധിച്ച് മുൻ ബാലുശ്ശേരി എം.എൽ.എ 27/02/2018 ൽ ബഹു. മുഖ്യമന്ത്രി മുൻപാകെ നിവേദനം സമർപ്പിച്ചിരുന്നു. നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# KERALA INFRASTRUCTURE INVESTMENT FUND BOARD

*(A Statutory Body under Finance Department, Government of Kerala)*

Finance and Administration Division

website: www.kiifb.org

*Defining the Future*

പരാതിക്കാരന്

**നമ്പർ. FA-5/2411/2021/KIIFB** **തീയതി : 03.08.2021**

സ്വീകർത്താവ്,

പുരുഷൻ കടലുണ്ടി,
തണൽ, തൊണ്ടയാട്,
ചേവരമ്പലം പി.ഒ,
കോഴിക്കോട് - 17

സർ,

**വിഷയം**:- കിഫ്ബി - കക്കയം ഡാം സൈറ്റിലേക്കുള്ള റോഡിന് കിഫ്ബി ഫണ്ട് ലഭിക്കുന്നത് - സംബന്ധിച്ച്
**സൂചന**:- മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ മുഖേന താങ്കൾ സമർപ്പിച്ച 27.02.2018 തീയതിയിലെ അപേക്ഷ

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2017-18 ബഡ്ജറ്റിൽ PUK റോഡിന് 50 കോടി രൂപയും PUKC- ഉള്ളേരി റോഡിന് 20 കോടി രൂപയും ക്രമ നമ്പർ 26, 27 പ്രകാരം പ്രഖ്യാപിച്ചിട്ടുണ്ട്.

ഇതിൽ PUKC - ഉള്ളേരി (PWD015-91) റോഡിൻറെ (17.192 കി. മി) സ്ഥലമെടുപ്പിന് ₹23.45 കോടി രൂപ ഉൾപ്പെടെ ₹82.35 കോടി രൂപയുടെ ധനാനുമതി കിഫ്ബി 28.10.2020 തീയതിയിൽ നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ സ്ഥലമെടുപ്പ് സംബന്ധിച്ച പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. എന്നാൽ PUK റോഡ് സംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾ കിഫ്ബിയിൽ ലഭ്യമല്ല.

PUKC - ഉള്ളേരി (PWD015-91) റോഡ് വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇതിനകം തുടങ്ങിയതിനാൽ, പ്രസ്തുത പദ്ധതിയ്ക്ക് പകരം, കത്തിൽ പ്രതിപാദിച്ചിരിക്കുന്ന പദ്ധതി ഏറ്റെടുക്കാൻ നിർവാഹമില്ല എന്നറിയിച്ചു കൊള്ളുന്നു.

**വിശ്വസ്തതയോടെ,**
**ആനി ജൂല തോമസ്**
**ജോയിന്റ് ഫണ്ട് മാനേജർ**

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

സെക്ഷൻ ഓഫീസർ